**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 778** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ബ്രാൻഡിംഗ് ചെയ്യുന്നതിനും അവയുടെ വിപണനം മെച്ചപ്പെടുത്തുതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനു "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ന്യായ വിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവട് വയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റ് സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.<br><br>പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ഉപരിയായി പുതിയ 200 കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സഹകരണ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | വനിതാ സഹകരണ സംഘങ്ങങ്ങളുടെ ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും വൈവിദ്ധ്യവല്ക്കരിക്കുന്നതിനും അവയ്ക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | വനിതാ സഹകരണ സംഘങ്ങളിൽ പലതും സ്വന്തം നിലയിൽ ഉൽപ്പാദന രംഗത്ത് സജീവമായി പ്രവർത്തിക്കുന്നതും അവരുടെ വൈവിദ്ധ്യങ്ങളായ ഉൽപ്പന്നങ്ങൾ നല്ല നിലയിൽ വിപണനം നടത്തിവരുന്നതുമാണ്. വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് സംഘങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ലാത്തതാണ്. ആയത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സഹകരണ മേഖലയിലെ ഭക്ഷ്യ ഉല്പ്പന്നങ്ങളെ സുരക്ഷിത ഭക്ഷണമെന്ന ബ്രാൻഡിംഗ് ചെയ്ത് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സഹകരണ മേഖലയിലെ ഭക്ഷ്യ ഉൽപ്പന്നങ്ങളെ സുരക്ഷിത ഭക്ഷണമെന്ന ബ്രാൻഡിംഗ് ചെയ്ത് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനാണ് "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സഹകരണ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.<br><br>രാജ്യത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യാപാര മേളയായ 'ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ' (ഐ.ഐ.ടി.എഫ്.) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിനു സാധിച്ചിട്ടുണ്ട്.<br><br>ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് വച്ച് 2022, 2023 വർഷങ്ങളിൽ നടന്ന ഐ.ഐ.ടി.എഫ്. ൽ കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യതിനു പുറമേ ഇതര സംസ്ഥാനങ്ങളിലെ ട്രേഡേഴ്സ്, ട്രേഡിംഗ് സ്ഥാപനങ്ങൾ, ഡൽഹി മലയാളി അസോസിയേഷൻ, തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് ബിസിനസ്സ് മീറ്റും സംഘടിപ്പിച്ചു.<br><br>'വസുദൈവ കുടുംബകം യുണൈറ്റഡ് ബൈ ട്രേഡ്' എന്ന തീമിനെ ആസ്പദമാക്കി നടത്തിയ 'ഐ.ഐ.ടി.എഫ്-2023' ൽ ബെസ്റ്റ് തീം എക്സിബിറ്ററായി സഹകരണ വകുപ്പിനെയാണ് തെരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ